പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4721 — 21.10.2011-ൽ മറുപടിയ്ക്ക്

കൊണ്ടോട്ടി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരുന്നത് ; | (എ) | 2180 ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. |
| (ബി) | ഓരോ പഞ്ചായത്തിലും ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ പേര്, ആവശ്യമായ പോസ്റ്റുകളുടെ എണ്ണം, അവർ അപേക്ഷിച്ച തീയതി, ഓരോ ഉപഭോക്താവിന്റെയും എസ്റ്റിമേറ്റ് തുക എന്നിവ വിശദമാക്കുമോ ; | (ബി) | ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ പദ്ധതിയിൽപ്പെടുത്തി ഇനി ആർക്കെങ്കിലും കണക്ഷൻ നൽകാൻ ബാക്കിയുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ; | (സി) | ചെളാരി സെക്ഷന് കീഴിൽ പള്ളിക്കൽ പഞ്ചായത്തിൽപ്പെട്ട 18 അപേക്ഷകർക്കും ചേലമ്പ്ര പഞ്ചായത്തിൽപ്പെട്ട 8 അപേക്ഷകർക്കും (ആകെ 26 അപേക്ഷകർ) കണക്ഷൻ നൽകുവാനുണ്ട്. സാധന സാമഗ്രികളുടെ ലഭ്യതക്കുറവ് മൂലമാണ് കണക്ഷൻ നൽകുന്നതിന് കാലതാമസം നേരിടുന്നത്. |
| (ഡി) | പണമടച്ച പഞ്ചായത്തുകൾക്ക് എം. എൽ. എ. ഫണ്ടിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ഡി) | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകൾക്ക് നൽകിയിട്ടില്ല. സർട്ടിഫിക്കറ്റ് തയ്യാറാക്കി വരികയാണ്. |
| (ഇ) | ഇവ എന്ന് നൽകുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകൾക്ക് ഒരു മാസത്തിനകം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ.